"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മാരിടൈം ബോർഡ് - എഞ്ചിനീയർ ഇൻ ചാർജ്ജ് തസ്തിക ഡീഗ്രേഡ് ചെയ്ത് എഞ്ചിനീയർ-കം-ഡ്രെഡ്ജർ മാസ്റ്റർ തസ്തികയാക്കി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (കൈ) നം.11/2025/F&P തീയതി, തിരുവനന്തപുരം, 20-05-2025

---

പരാമർശം:- 1) 30/04/96 തീയതിയിലെ സ.ഉ(എം.എസ്) 15/96/മതുവ സർക്കാർ ഉത്തരവ്

2) 05/11/1998 ലെ സ.ഉ(പി) 43/98/മതുവ സർക്കാർ ഉത്തരവ്

3) 25/11/2023 ലെ സ.ഉ(എം.എസ്) 23/2023/മതുവ ഉത്തരവ്

4) കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/01/2025 തീയതിയിലെ HOKMB-TVM/122/2024-B1(Esmt) നമ്പർ കത്ത്.

**ഉത്തരവ്**

തുറമുഖ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ (മറൈൻ) ന്റെ സ്ഥാനക്കയറ്റ തസ്തികയാണ് എഞ്ചിനീയർ കം ഡ്രെഡ്ജർ മാസ്റ്റർ തസ്തിക. എന്നാൽ തുറമുഖ വകുപ്പിൽ നിലവിലുണ്ടായിരുന്ന എഞ്ചിനീയർ കം ഡ്രെഡ്ജർ മാസ്റ്റർ തസ്തിക ഉൾപ്പടെ 111 തസ്തികകൾ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപറേഷനിലെ ഡ്രെഡ്ജിംഗ് യൂണിറ്റിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും തുറമുഖ വകുപ്പിൽ നിലവിലുള്ള അതേ പോസ്റ്റുകൾ അബോളിഷ് ചെയ്യുന്നതിനും പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവായിരുന്നു.

ഡി.ജി ഷിപ്പിങ്ങിന്റെ സർക്കുലർ പ്രകാരം യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുന്നതിനായി എഞ്ചിനീയർ - കം - ഡ്രെഡ്ജർ മാസ്റ്റർ, എഞ്ചിനീയർ / എഞ്ചിനീയർ - ഇൻ - ചാർജ്ജ് എന്നീ തസ്തികകളുടെ യോഗ്യതകളിൽ ഭേദഗതി വരുത്തി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2017 ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം മാരിടൈം ബോർഡ് നിലവിൽ വരികയും തുറമുഖ വകുപ്പിന്റെ ആസ്തികൾ കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കുകയും ഉദ്യോഗസ്ഥരെ കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2017 ലെ കേരള മാരിടൈം ബോർഡ് ആക്ട് സെക്ഷൻ 17(4)(1)-ാം ഉപവകുപ്പ് പ്രകാരം നിലവിൽ സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി ആ തസ്തികകളുടെ എൻട്രി കേഡർ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ബൈട്രാൻസ്ഫർ / സ്ഥാനക്കയറ്റം തുടങ്ങിയ നിയമന രീതികൾ

പറഞ്ഞിട്ടുണ്ടെങ്കിലും ഫീഡർ കാറ്റഗറികൾ അബോളിഷ് ചെയ്തതിനാൽ നിലവിലുള്ള ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേക്ക് നിയമനം നൽകുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും അവർ ജോയിൻ ചെയ്ത തസ്തികയിൽ തന്നെ വിരമിക്കുന്ന സാഹചര്യവും ആണെന്നും ആയതിനാൽ സ്പെഷ്യൽ കേസായി പരിഗണിച്ച് ഒരു എഞ്ചിനീയർ ഇൻ ചാർജ് തസ്തിക ഡീഗ്രേഡ് ചെയ്ത് എഞ്ചിനീയർ-കം ഡ്രെഡ്ജർ മാസ്റ്റർ തസ്തികയായി (45800-89000 പ്രീ റിവൈസ്ഡ് സ്കെയിൽ) ഉത്തരവ് നൽകണമെന്നും പരാമർശം 4 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള മാരിടൈം ബോർഡിൽ നിലവിലുള്ള മൂന്ന് എഞ്ചിനീയർ ഇൻ ചാർജ് തസ്തികകളിൽ ഒരെണ്ണം എഞ്ചിനീയർ-കം-ഡ്രെഡ്ജർ മാസ്റ്റർ തസ്തികയായി ഡീഗ്രേഡ് ചെയ്യുന്നതിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
ഗിരിജ കുമാരി. ജി
അഡീഷണൽ സെക്രട്ടറി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(ആഡിറ്റ്)**, കേരള**,** തിരുവനന്തപുരം**.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (3071523/ WCD -2/52/2025-Fin പ്രകാരം)

✓ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-A2/24/2025-P&ARD പ്രകാരം)

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.